"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ ശ്രീന.കെ. സമർപ്പിച്ച OA(EKM) 867/2023-ന്മേലുള്ള 12.06.2023-ലെ ഉത്തരവ് - അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1998/2023/H&FWD തീയതി,തിരുവനന്തപുരം, 07-08-2023

പരാമർശം:-

1. സ.ഉ (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.
2. കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ശ്രീന.കെ., സമർപ്പിച്ച 10.06.2023 തീയതിയായ അപ്പീൽ അപേക്ഷ.
3. ബഹു കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ OA(EKM) 867/2023-ന്മേലുള്ള 12.06.2023-ലെ ഉത്തരവ്
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.07.2023-ലെ ഇ.എ1-13416/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

2023 വർഷത്തെ പൊതു സ്ഥലംമാറ്റത്തിനെതിരെ ബഹു: കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ശ്രീന.കെ. സമർപ്പിച്ച OA(EKM) 867/2023 അപേക്ഷയിന്മേൽ 12.06.2023-ന് പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് അപേക്ഷകയെയും നാലും അഞ്ചും എതിർ കക്ഷികളെയും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ചുവടെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ 15.07.2023-ന് നേരിൽ കേട്ടു.

2) നേരിൽകേട്ട വേളയിൽ അപേക്ഷക ഡോ.ശ്രീന.കെ. ചുവടെ പറയുന്ന വസ്തുതകൾ അറിയിച്ചു:

17.06.2019 തീയതി മുതൽ വടകര ജില്ലാ ആശുപത്രിയിൽ കൺസൾട്ടന്റ് (OBG) തസ്തികയിൽ തുടരുന്നു. ജന്മനാടായ കോഴിക്കോട് നിന്ന് ഏകദേശം 50 കിലോമീറ്റർ അകലെയാണ് വടകര ജില്ലാ ആശുപത്രി. പൊതു സ്ഥലം മാറ്റം ക്ഷണിച്ച അവസരത്തിൽ (1) ഗവ. വുമൺ ആൻഡ് ചൈൽഡ്ഹോസ്പിറ്റൽ, കോഴിക്കോട് (2) ഗവ. ജനറൽ ഹോസ്പിറ്റൽ, കോഴിക്കോട് എന്നിവ ഓപ്ഷൻ നൽകി അപേക്ഷ സമർപ്പിച്ചു എങ്കിലും കരട് പട്ടികയിൽ പേര് ഉൾപ്പെടുത്തിയില്ല.

0195340

അതിനാൽ 12/04/2023 തീയതിയിൽ ആരോഗ്യ വകുപ്പ്ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. എന്നാൽ അന്തിമ പട്ടികയിലും പേര് ഉൾപ്പെടുത്തിയില്ല. അന്തിമ പട്ടികയിൽ സ്പെഷ്യാലിറ്റി കേഡർ സീനിയോറിറ്റി ലിസ്റ്റിൽ ടിയാളെക്കാൾ ജൂനിയറായ ഡോ.മോളി തെറ്റയിൽ.സി., ഡോ. ബിന്ദുമോൾ.എൻ.കെ, എന്നിവർക്ക് 1 കിലോമീറ്ററിനുള്ളിൽ അടുത്തുള്ള സ്റ്റേഷനുകളിലേക്ക് പരസ്പരം സ്ഥലം മാറ്റം നൽകി. പൊതു സ്ഥലം മാറ്റം നിബന്ധന പാലിക്കാതെയാണ് 15 കിലോമീറ്ററിനുള്ളിലെ സ്ഥാപനങ്ങളിലെ മേൽ പറഞ്ഞ ഡോക്ടർമാരെ പരസ്പരം സ്ഥലം മാറ്റിയത്. യഥാ സമയം അപേക്ഷയും അപ്പീലും സമർപ്പിച്ചെങ്കിലും ടിയാളുടേതല്ലാത്ത കാരണത്താലാണ് സ്ഥലം മാറ്റം അപേക്ഷ പരിഗണിക്കപ്പെടാതെ പോയതെന്ന് അപേക്ഷക അറിയിച്ചതോടൊപ്പം അതിന് ഉപോത്ബലകമായ രേഖകളും ഹാജരാക്കി. 28/07/2001 മുതൽ 22/06/2006 വരെ, ഏകദേശം 5 വർഷം കണ്ണൂർ ജില്ലയിലെ ബുദ്ധിമുട്ടുള്ള റൂറൽ ഏരിയ സ്റ്റേഷനുകളായ ആലക്കോട് (മണക്കടവ്), മലപ്പട്ടം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്തിട്ടുണ്ട് എന്നും ഇടയ്ക്കിടെ വൈദ്യസഹായം ആവശ്യമുള്ള പ്രായമായ മാതാപിതാക്കളെ പരിപാലിക്കുന്നതിന് ടിയാളുടെ സാന്നിധ്യം ആവശ്യമാകയാൽ അപ്പീൽ പരിഗണിച്ച് ആദ്യ ഓപ്ഷനായ ഗവൺമെന്റ് വിമൻ ആൻഡ് ചിൽഡ്രൻ ഹോസ്പിറ്റലിലേക്ക് സ്ഥലം മാറ്റം നൽകണമെന്നും അപേക്ഷക അറിയിച്ചു.

3) നേരിൽ കേൾക്കുന്ന വേളയിൽ നാലാം എതിർകക്ഷി ഡോ.മോളി തെറ്റയിൽ ചുവടെ പറയുന്ന വസ്തുതകൾ അറിയിച്ചു:

കരട് പട്ടികയിൽ പൊതു സ്ഥലം മാറ്റം ലഭിച്ച കോഴിക്കോട് ഗവ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ തന്നെയാണ് അന്തിമ ഉത്തരവിലും നിയമനം ലഭിച്ചത്. 2023 ജൂൺ 12 ന് പുതിയ സ്റ്റേഷനിൽ സേവനത്തിൽ പ്രവേശിച്ചു. ഏതെങ്കിലും സാഹചര്യത്തിൽ സ്ഥലം മാറ്റുകയാണെങ്കിൽ വൈകി ജോയിൻ ചെയ്യേണ്ടി വരികയും സ്റ്റേഷൻ സീനിയോറിറ്റി ലഭിക്കാതിരിക്കുകയും ചെയ്യും. ഈ ട്രാൻസ്ഫർ പ്രകാരം കോഴിക്കോട് ടൗണിൽ പുതിയ വീട് വാടകയ്ക്ക് എടുത്ത് താമസം ആയിട്ടുള്ളത് പരിഗണിച്ചും കുട്ടികളുടെയും പ്രായമായ അമ്മയുടെയും സംരക്ഷണം പരിഗണിച്ചും നിലവിലെ സ്റ്റേഷനിൽ തുടരാൻ അനുവദിക്കണം. സ്ഥലം മാറ്റുകയാണെങ്കിൽ അടുത്തു വരുന്ന സീനിയർ കൺസൾട്ടന്റ് സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെടുന്ന ഡോ ഷീബ സ്റ്റീഫന്റെ ഒഴിവിലേക്ക് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പരിഗണിക്കണമെന്നും അപേക്ഷിച്ചു.

4) അഞ്ചാം എതിർകക്ഷി ഡോ ബിന്ദുമോൾ.എൻ.കെ. ഹിയറിംഗ് സമയത്ത് ചുവടെ പറയുന്ന വസ്തുതകൾ അറിയിച്ചു:

പൊതു സ്ഥലം മാറ്റത്തിന് അപേക്ഷിച്ച ഒന്നാമത്തെ ഓപ്ഷനായ കോഴിക്കോട് ജനറൽ ആശുപത്രിയിലാണ് സ്ഥലം മാറ്റം നൽകി ഉത്തരവായത്. പ്രസ്തുത സ്റ്റേഷനിൽ സേവനത്തിൽ പ്രവേശിച്ച് തുടരുകയാണ്. 22 വർഷത്തെ സർവ്വീസുണ്ട്. നിലവിൽ സേവനത്തിൽ പ്രവേശിച്ച ആശുപത്രിയിൽ തുടരാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചു.

5) ഹിയറിംഗ് സമയത്ത് അപേക്ഷക ഡോ.ശ്രീനയും, രണ്ടും മൂന്നും എതിർകക്ഷികളും സമർപ്പിച്ച അപേക്ഷകളിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞതിന്റെ

അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ആയ ഡോ. ശ്രീന.കെ. 2023 ലെ പൊതു സ്ഥലം മാറ്റത്തിന് വേണ്ടി യഥാസമയം ഓൺ ലൈൻ അപേക്ഷ സമർപ്പിക്കുകയും കരട് പട്ടികയിൽ ഉൾപ്പെടാത്തതിനാൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആയതു ലഭ്യമാക്കാത്തതിനാലാണ് അപേക്ഷകയെ സ്ഥലം മാറ്റത്തിനു പരിഗണിക്കാൻ കഴിയാത്തത്. ആയതിനാൽ ടിയാരി സമർപ്പിച്ച ഓപ്ഷനുകളിലേയ്ക്ക് സ്ഥലംമാറ്റത്തിനു ടിയാരിയ്ക്ക് അർഹതയുള്ളതായി കാണുന്നു. ഡോ. ശ്രീന.കെയുടെ ഒന്നാം ഓപ്ഷൻ ആയ കോഴിക്കോട് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിയമിച്ച ഡോ. മോളി തെറ്റയിൽ.സിയെ കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിന്നുമാണ് സ്ഥലംമാറ്റിയത്. പ്രസ്തുത 2 സ്ഥാപനങ്ങളും 15 കി.മീ. ദൂരപരിധിയ്ക്കുള്ളിലുള്ള സ്ഥാപനങ്ങൾ ആയതിനാൽ പൊതുസ്ഥലം മാറ്റ മാനദണ്ഡപ്രകാരം ഒരേ സ്റ്റേഷൻ ആയി പരിഗണിക്കാവുന്നതാണ്. ഡോ. മോളി തെറ്റയിൽ.സി. 11.03.2019 മുതൽ ആണ് കോഴിക്കോട് ജനറൽ ആശുപത്രിയിൽ ജോലി ചെയ്തു വരുന്നത്. ഡോ. ശ്രീന.കെയുടെ രണ്ടാം ഓപ്ഷൻ ആയ കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിയമിച്ച ഡോ. ബിന്ദുമോൾ.എൻ.കെ.-യെ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നുമാണ് സ്ഥലംമാറ്റിയത്. ഡോ. ബിന്ദുമോൾ.എൻ.കെ. 11.09.2017 മുതൽ ആണ് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി ചെയ്തു വരുന്നത്. പൊതു സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഒരു സ്റ്റേഷനിലേയ്ക്ക് അപേക്ഷിക്കുന്ന, അതെ ജില്ലയിൽ ജോലി ചെയ്യുന്ന അപേക്ഷകരിൽ പ്രഥമ പരിഗണന നൽകേണ്ടത് Station Seniority കൂടുതൽ ഉള്ള അപേക്ഷകർക്കാണ്. ആയതിനാൽ തന്നെ താരതമ്യേന Station Seniority കുറഞ്ഞ ഡോ. മോളി തെറ്റയിൽ.സി.-യെ ടിയാരിയുടെ മൂന്നാമത്തെ ഓപ്ഷനും ഡോ. ശ്രീന.കെ.-യുടെ നിലവിലെ സ്ഥാപനവും ആയ വടകര ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി ഡോ. ശ്രീന.കെ.-യ്ക്ക് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകാവുന്നതാണ്. കൂടാതെ ഡോ.മോളി തെറ്റയിൽ.സി. കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ 2023 ജൂൺ 12, മൂന്നു വർഷം പൂർത്തിയാകുമ്പോൾ നടപ്പിലാക്കുന്ന പൊതു സ്ഥലം മാറ്റത്തിനുള്ള Station Seniority യ്ക്ക് പരിഗണിക്കാവുന്നതുമാണ്.

6) മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അപേക്ഷകയുടേതല്ലാത്ത കാരണത്താലാണ് ടിയാൾക്ക് സ്ഥലം മാറ്റം ലഭിക്കാതെ വന്നത് എന്നത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (4) റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്. അതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) കത്തിൽ ശിപാർശ ചെയ്തതു പ്രകാരം ഡോ.ശ്രീന.കെ.-യ്ക്ക് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി നിയമനം നൽകിക്കൊണ്ടും, പ്രസ്തുത സ്റ്റേഷനിൽ നിലവിൽ നിയമിക്കപ്പെട്ട ഡോ. മോളി തെറ്റയിൽ.സി. -യെ ഡോ ശ്രീന കെ -യുടെ നിലവിലെ സ്റ്റേഷനും ഡോ. മോളി തെറ്റയിലിന്റെ പൊതു സ്ഥലം മാറ്റ അപേക്ഷയിലെ മൂന്നാം ഓപ്ഷനുമായ വടകര ജില്ലാ ആശുപത്രിയിലേക്ക് സ്ഥലം മാറ്റി

നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

7) ഡോ. മോളി തെറ്റയിൽ.സി കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ 2023 ജൂൺ 12, വരുന്ന പൊതു സ്ഥലം മാറ്റങ്ങളിൽ ടിയാൾക്ക് സ്റ്റേഷൻ സീനിയോറിറ്റിയ്ക്കായി ഉപയോഗിക്കാൻ അനുവദിക്കുന്നതും, കൂടാതെ, സ്ഥലം മാറ്റപ്പെടുകയാണെങ്കിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സ്ഥാനക്കയറ്റത്തിലൂടെ ഒഴിവുണ്ടാകുമ്പോൾ പരിഗണിക്കണമെന്ന ഡോ. മോളി തെറ്റയിൽ.സി.-യുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നതുമാണ്.

8) ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 867/2023 അപേക്ഷയിന്മേലുള്ള 12.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജിത് നാസർ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് (ആരോഗ്യം).
ഡോ.ശ്രീന.കെ., കൺസൾട്ടന്റ് (ഗൈനക്കോളജി) "ഡ്രീംസ്", പണിക്കർ റോഡ്, കൊണ്ണനാട്ട് സ്ട്രീറ്റ്, നടക്കാവ്.പി.ഒ., കോഴിക്കോട് - 673 011.
ഡോ.മോളി തെറ്റയിൽ.സി., കൺസൾട്ടന്റ് (ഗൈനക്കോളജി), സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട്.
ഡോ.ബിന്ദുമോൾ.എൻ.കെ., കൺസൾട്ടന്റ് (ഗൈനക്കോളജി), സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

മേലെഴുത്ത് നം. ഇ.എ1-13416/2023/ആ.വ.ഡ
തീയതി 07.08.2023

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 07-08-2023 15:10:27

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി

0195343